20-11-2004 മുതൽ 25-8-2009 വരെ നല്കിയ വായ്പകൾ SNDP യോഗത്തിന് നല്കിയിട്ടുള്ളത് 3% പലിശയ്ക്കാണ്. SNDP യോഗം സ്വയം സഹായ സംഘങ്ങൾക്ക് നല്കേണ്ടത് 5% പലിശയ്ക്കാണ്.

19-6-2014-ന് നൽകിയ 5 കോടി രൂപ 3% പലിശയ്ക്കാണ് SNDP യോഗത്തിന് നൽകിയിരുന്നത്. SNDP യോഗം സ്വയംസഹായ സംഘത്തിന് 5% പലിശയ്ക്ക് നൽകാനാണ് വ്യവസ്ഥ. ഗുണഭോക്താക്കളിൽനിന്നും ഈടാക്കേണ്ട പലിശ നിരക്ക് 5% ആയി നിശ്ചയിച്ചിരുന്നു.

19-6-2014-ൽ കൊടുത്ത 5 കോടി രൂപ വായ്പയിൽ ജില്ലകളിൽ നടത്തിയ പരിശോധനാ റിപ്പോർട്ട് പ്രകാരം പലിശ നിരക്കിൽ വ്യത്യാസം ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(സി) എസ്.എൻ.ഡി.പി. മൈക്രോ ക്രെഡിറ്റ് വായ്പാ പദ്ധതി നടപ്പിലാക്കിയതിൽ പരാതി ലഭിച്ചിട്ടുണ്ട്. SNDP യോഗം സമർപ്പിച്ച പട്ടികയിൽ ഉൾപ്പെടുന്നവർക്ക് റിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരമുള്ള വായ്പാ തുക ലഭിച്ചിട്ടില്ലെന്നും ചിലരിൽനിന്നും കൂടുതൽ പലിശ ഈടാക്കി എന്നുമാണ് പ്രധാന പരാതികൾ. വായ്പാതുക ദുർവിനിയോഗം നടത്തിയിട്ടുള്ളത് കണ്ടെത്തിയ സാഹചര്യത്തിൽ 3% പലിശയും 12% പിഴപ്പലിശയും ചേർത്ത് മൊത്തം 15% പലിശയ്ക്ക് മുഴുവൻ വായ്പാ തുകയും തിരിച്ചുപിടിക്കുവാൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഗാന്ധിഗ്രാമം പദ്ധതി

253 (954) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗാന്ധിഗ്രാമം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നടപ്പിലാക്കിവരുന്നു.

(ബി) ഗാന്ധിഗ്രാമം പദ്ധതിയിലൂടെ തെരഞ്ഞെടുത്ത കോളനികളുടെ സമഗ്ര വികസനമാണ് ഉദ്ദേശിക്കുന്നത്. പ്രധാനപ്പെട്ട വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

1. കോളനിയിലേയ്ക്കുള്ള റോഡ്/നടപ്പാത നിർമ്മാണം
2. ഡ്രെയിനേജ് സൗകര്യങ്ങൾ
3. കുടിവെള്ള പദ്ധതികൾ
4. വൈദ്യുതീകരണം
5. ബയോഗ്യാസ് പ്ലാന്റ്
6. കമ്മ്യൂണിറ്റി ഹാൾ/ആഡിറ്റോറിയം
7. കോമ്പൗണ്ട് വാൾ നിർമ്മാണം.

(സി) ഗാന്ധിഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കോളനികളിൽ പരമാവധി ഒരു കോടി രൂപ ചെലവഴിച്ച് വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകുകയും വിവിധ സർക്കാർ ഏജൻസികൾ പ്രസ്തുത പ്രവൃത്തികൾക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പരിഗണിച്ച് എസ്റ്റിമേറ്റ് തുകയുടെ 25% തുക (ആകെ 289.68 ലക്ഷം രൂപ) 2014-15 സാമ്പത്തിക വർഷാരംഭത്തിൽ ഏജൻസികൾക്ക് വിതരണം നടത്തിയിട്ടുണ്ട്. പദ്ധതിപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

ഗവൺമെന്റ് ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണം

254 (955) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മധുരവേലിയിൽ പട്ടികജാതി/പട്ടികവർഗ വകുപ്പിന്റെ കീഴിലുള്ള ഗവൺമെന്റ് ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സമർപ്പിച്ചിരിക്കുന്ന എസ്റ്റിമേറ്റ് ഗവൺമെന്റിലേക്ക് അയക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് ഉണ്ടായിരിക്കുന്ന എസ്റ്റിമേറ്റിലെ പോരായ്മ പരിഹരിക്കുന്നതിന് പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; ഈ റിപ്പോർട്ട് എന്ന് സമർപ്പിക്കും എന്നറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly